പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 539

06/07/2012-ൽ
മറുപടിയ്ക്കു്

## സീറോ വേസ്റ്റ് ശബരിമല പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) ഈ സർക്കാർ 2011-12 ബജറ്റിൽ പ്രഖ്യാപിച്ച സീറോ വേസ്റ്റ് ശബരിമല പദ്ധതിയുടെ വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത പദ്ധതി പൂർത്തിയായി കഴിഞ്ഞുവോ; എങ്കിൽ പദ്ധതി അവലോകനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യമിട്ട് 2011-12 ബജറ്റിൽ 'സീറോ വേസ്റ്റ് ശബരിമല' എന്ന പദ്ധതി പ്രഖ്യാപിക്കുകയും ഇതിലേയ്ക്കായി 5 കോടി രൂപ സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പാക്കുന്നത് ശബരിമല സാനിറ്റേഷൻ സൊസൈറ്റിയാണ്. 31/03/2012 -ലെ ജി.ഒ.(എം.എസ്) 06/12/പരിസ്ഥിതി എന്ന സർക്കാർ ഉത്തരവ് പ്രകാരം തുക പൂർണ്ണമായി 'ശബരിമല സാനിറ്റേഷൻ സൊസൈറ്റി' ചെയർമാനായ പത്തനംതിട്ട ജില്ലാ കളക്ടർക്കു ലഭ്യമാക്കിയിട്ടുണ്ട്. 'സീറോ വേസ്റ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓരോ ഘടക പദ്ധതിയും ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനു വിധേയമായി ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) ഈ പദ്ധതിക്കായി ഇനിഎന്ത് തുക കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എന്ത് തുക 2012-13 ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) 5 കോടി രൂപ എസ്റ്റിമേറ്റുള്ള പദ്ധതിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്. ആയത് അംഗീകരിച്ച് തുക മുഴുവനും അനുവദിച്ചിട്ടുണ്ട്. 2012-13 -ലെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല എങ്കിലും എത്രയുംവേഗം പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ